## കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവു നടപടികൾ

നഗരകാര്യ മദ്ധ്യമേഖലാ ജോയിന്റ് ഡയറക്ടറാഫീസ്, കൊച്ചി - കോതമംഗലം നഗര സഭയിൽ കെ.എം.ബി.ആർ. ലംഘിച്ച് കെട്ടിടനിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.ബേസിൽ എബ്രഹാമിന്റെ എൻജിനീയർ 'എ' (Reg.No.G6-3193/09/161/EA) രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

---

നമ്പർ.ജി6-3412/2015      തീയതി : 30.05.2016

---

പരാമർശം:-1.കോതമംഗലം നഗരസഭാസെക്രട്ടറിയുടെ 27.11.2015-ലെ പി.ഡബ്ല്യിയു2-7282/2011 നമ്പർ കത്ത്.
2.ഈ ഓഫീസിലെ 31.12.2015-ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3.ശ്രീ. ബേസിൽ എബ്രഹാമിന്റെ 14.1.2016-ലെ വിശദീകരണം.

### ഉത്തരവ്

സൂചന (1) പ്രകാരം നഗരസഭ 9-ാം വാർഡിൽ EVM Hotel Pvt. Ltd. എന്ന സ്ഥാപനത്തിന് 3.2.2012-ൽ ബി.എ.166/11-12 പ്രകാരം സെല്ലാർ, തറനില, ഒന്നാം നില, രണ്ടാം നില, ടെറസ് എന്നിങ്ങനെ 2231.5 M.Sq. വിസ്തീർണത്തിൽ കെട്ടിടനിർമ്മാണാനുമതി നൽകിയിരുന്നുവെന്നും വീണ്ടും കക്ഷി റിവൈസ്ഡ് പ്ലാൻ സമർപ്പിക്കുകയും ആയത് ഫയർ എൻ.ഒ.സി.ക്കും ഡി.റ്റി.പി.യുടെ അംഗീകാരത്തിനും അയക്കുകയുണ്ടായെന്നും എന്നാൽ അനുവാദം ലഭിക്കുന്നതിനു മുമ്പ് പ്രവൃത്തി ആരംഭിച്ചുവെന്ന ഓവർസിയറുടെ റിപ്പോർട്ടിനെ തുടർന്ന് അനധികൃതനിർമ്മാണം നിർത്തിവയ്ക്കുന്നതിന് ഉടമയ്ക്ക് നോട്ടീസ് നൽകിയെന്നും, തുടർന്ന് ശ്രീ.ബേസിൽ എബ്രഹാം മുഖേന ഓൺലൈൻ അപേക്ഷ സമർപ്പിച്ചത് കെ.എം.ബി.ആർ.നു വിരുദ്ധമായതിനാൽ അപേക്ഷ നിരസിച്ച് വിവരം 30.9.2015-ൽ കക്ഷിയെ അറിയിച്ചതിനുശേഷവും അനധികൃത നിർമ്മാണം തുടരുന്നതിന് മേൽനോട്ടം വഹിച്ച ലൈസൻസിക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നഗരസഭാസെക്രട്ടറി അപേക്ഷിക്കുകയുണ്ടായി. ഇതിനെ തുടർന്ന് സൂചന (2) പ്രകാരം ലൈസൻസിക്ക് നോട്ടീസ് നൽകുകയും തന്റെ വിശദീകരണത്തിൽ ഫയർ എൻ.ഒ.സി.ക്കുള്ള അപേക്ഷ നഗരസഭയിൽ സമർപ്പിച്ചത് ഫയർ ഓഫീസിലേക്ക് ഫോർവേഡ് ചെയ്തിരുന്നുവെന്നും എന്നാൽ വീണ്ടും റിവൈസ്ഡ് പ്ലാൻ മുനിസിപ്പാലി

റ്റിയിൽ സമർപ്പിക്കേണ്ട സാഹചര്യമുണ്ടായപ്പോൾ ഫയർ എൻ.ഒ.സി. പ്ലാൻ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ ഏൽപിച്ചിരുന്നുവെന്നും ഈ ഘട്ടത്തിൽ പ്ലോട്ടിന്റെ കിഴക്കു വശത്തുള്ള മുനിസിപ്പൽ റോഡ് വീതി കൂട്ടുന്നതിലേക്കായി 2.5 മീറ്റർ വീതിയിൽ സ്ഥലം സൗജന്യമായി വിട്ടുകൊടുക്കാമെന്ന് സ്ഥലമുടമ മുനിസിപ്പിൽ അധികൃതരോട് സമ്മതിക്കുകയുണ്ടായെന്നും വീണ്ടും പ്ലാൻ മാറ്റി വരച്ച് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുന്നതിന് മാസങ്ങളോളം പണി നിർത്തിവയ്ക്കേണ്ടി വരുന്ന സാഹചര്യം സ്ഥലമുടമ മുനിസിപ്പാലിറ്റിയിലെ ജനപ്രതിനിധികളുമായി ചർച്ച ചെയതപ്പോൾ റിവൈസ്ഡ് പ്ലാൻ സമർപ്പിക്കാൻ ജനപ്രതിനിധികൾ നിർദ്ദേശിച്ചുവെന്നും അംഗീകാരം ലഭിക്കുന്നതുവരെ കാത്തുനിൽക്കാതെ കെ.എം.ബി.ആർ.നു അനുസരണമായി പണി തുടർന്നുകൊള്ളാൻ വാക്കാൽ അനുവദിക്കുകയും ചെയ്യുകയുണ്ടായെന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണം തുടർന്നതെന്നും ലൈസൻസി വിശദീകരിച്ചു. ഇപ്രകാരം നഗരസഭാധികൃതരുമായി ചർച്ച ചെയ്തും ചേർന്നുനിന്നും മാത്രമേ ഇതുവരെ ഒരു ലൈസൻസി എന്ന നിലയിൽ താൻ പ്രവർത്തിച്ചിട്ടുള്ളുവെന്നും തന്റെ പ്രവൃത്തിയിൽ എന്തെങ്കിലും വീഴ്ച വന്നതായി തോന്നുന്നുവെങ്കിൽ ആ പിശക് ബോധപൂർവ്വമല്ല എന്നു കണക്കാക്കി ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ലൈസൻസി അപേക്ഷിക്കുകയുണ്ടായി. കെ.എം.ബി.ആർ. റൂൾ 153 പ്രകാരം നിയമങ്ങളും ചട്ടങ്ങളും സർക്കാരും മുനിസിപ്പാലിറ്റിയും നൽകുന്ന നിർദ്ദേശങ്ങളും പാലിച്ച് പ്രവൃത്തിക്കുന്നതിനും ലൈസൻസി ബാദ്ധ്യസ്ഥനാണ്. എന്നാൽ ജനപ്രതിനിധികളുടെ വാക്കാലുള്ള അനുമതിയുടെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് കെട്ടിടനിർമ്മാണം ആരംഭിച്ചുവെന്ന് ലൈസൻസി തന്നെ തന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാസെക്രട്ടറിയുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നത് 1994-ലെ കേരളാ മുനിസിപ്പൽ ആക്ടിന്റെയും കെ.എം.ബി.ആർ.1999-ന്റെയും ലംഘനമാണ്. നിയമവിരുദ്ധമായ ഈ നടപടിക്ക് ലൈസൻസി കൂട്ടുനിൽക്കുന്നുവെന്ന സൂചന (1) റിപ്പോർട്ടിനെ സാധൂകരിക്കുന്നതാണ് സൂചന (3) പ്രകാരമുള്ള ലൈസൻസിയുടെ വിശദീകരണം.

ലൈസൻസിയുടെ മേൽ നടപടി നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണെന്നതിനാൽ ശ്രീ.ബേസിൽ എബ്രഹാം എന്നയാളുടെ എൻജിനീയർ 'എ' രജിസ്ട്രേഷൻ 1.6.2016 മുതൽ ഒരു വർഷത്തേക്ക് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ലൈസൻസ് രേഖകൾ, ലൈസൻസി ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറാഫീസിൽ സമർപ്പിക്കേണ്ടതാണ്.

സി.സി.ശശിധരൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ

ശ്രീബേസിൽ എബ്രഹാം
ലൈസൻസി (Reg.No.G6-3193/09/161/EA)
കൊറ്റാഞ്ചേരിൽ ഹൗസ്
കോതമംഗലം പി.ഒ.

പകർപ്പ്:-

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് (കൊല്ലം, കോഴിക്കോട്)
3. മദ്ധ്യമേഖലയിലെ എല്ലാ നഗരസഭാസെക്രട്ടറിമാർക്കും
4. നഗരകാര്യ ഡയറക്ടർ,
   (To publish in the LSGD Website as per KMBR 1999 Rule 153(8)

സി.എ/31.5.